പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2187

05.05.2017 -ലെ മറുപടിയ്ക്ക്
അന്തിമ മറുപടി

## അഞ്ചുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. എൽദോസ് കുന്നപ്പള്ളി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അനൂപ് ജേക്കബ്. | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) അഞ്ചുവർഷം കൊണ്ട് അഞ്ചുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) തൊഴിൽ വകുപ്പിനു കീഴിൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനനടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനൊപ്പം "നിയുക്തി" ജോബ്ഫെയർ മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയുള്ള ജോബ് ഡ്രൈവുകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കി വരുന്നു. |
| (ബി)വിനോദസഞ്ചാര രംഗത്ത് എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്; | ബി) വിദേശ ടൂറിസ്റ്റുകളുടെ വരവ് നിലവിലെ എണ്ണത്തിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിച്ചും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് നിലവിലേതിനേക്കാൾ 50% വർദ്ധിപ്പിച്ചും വിനോദസഞ്ചാര മേഖലയിൽ നിലവിലെ 14 ലക്ഷം തൊഴിലവസരം 5 വർഷത്തിനുള്ളിൽ 4 ലക്ഷം കൂടി വർദ്ധനവു വരുത്തുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഫലമായി ഹോട്ടലുകളുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യമേഖല, മാനവവിഭവശേഷി മേഖല എന്നിവിടങ്ങളിലെ വികസന പ്രവർത്തനങ്ങളിലൂടെ ടൂറിസം മേഖലകളുടെ വികസനവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയുമെന്ന് കണക്കാക്കുന്നു.<br>ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതി ഈ |

ലക്ഷ്യം കൂടി ഉദ്ദേശിച്ചിട്ടുള്ളതാണ്. ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനങ്ങളോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തുന്നതാണ് ഈ പദ്ധതി.

(സി) ദേശീയ പാതയോരത്തെ ബിയർ-വൈൻ പാർലറുകൾ പൂട്ടിയത് ടൂറിസം രംഗത്ത് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലമുണ്ടായ തൊഴിലവസരനഷ്ടം എപ്രകാരം പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

സി) പരിശോധിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരികളുടെ വരവിലുള്ള വളർച്ചാ നിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് " Trade Research Survey 2016"എന്ന പഠനം ടൂറിസം വകുപ്പ് നടത്തിയിട്ടുണ്ട്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖേന വകുപ്പ് നടത്തിയ പഠനത്തിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ട് അനുസരിച്ച് കൃഷി, കച്ചവടം, പ്രൊസസ്സ് ചെയ്ത ആഹാര പദാർത്ഥങ്ങൾ, റെഡിമേഡ് വസ്ത്രങ്ങൾ, അച്ചടിയും പ്രസിദ്ധീകരണവും, കരജല വ്യോമസഞ്ചാര മേഖലകൾ, ഹോട്ടലുകൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൺഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ, കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിലുണ്ടായ ഇടിവാണ്.

Sreelekha

**സെക്ഷൻ ഓഫീസർ**